പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നംപർ 3451 29.01.2014 - ൽ മറുപടിക്ക്

സമാശ്വാസം പദ്ധതി

| ചോദ്യം<br>ശ്രീ. റ്റി.വി. രാജേഷ് | ഉത്തരം<br>ഡോ. എം.കെ. മുനീർ<br>(ബഹു. പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
|---|---|
| വൃക്ക രോഗങ്ങളാൽ ഡയാലിസിസിന് വിധേയരാകേണ്ടിവരുന്നവർക്ക് സാമൂഹ്യ നീതി വകുപ്പിന്റെ കീഴിൽ സമാശ്വാസം പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; പദ്ധതി യുടെ വിശദാംശം നൽകുമോ ? | കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന സമാശ്വാസം പദ്ധതി നടപ്പിലാക്കി വരുന്നു. കിഡ്നിക്ക് തകരാർ സംഭവിച്ച് മാസത്തി ലൊരു പ്രാവശ്യമെങ്കിലും ഡയാലിസിസിന് വിധേയരാകുന്ന ബി.പി.എൽ കുടുംബങ്ങ ളിലെ രോഗികൾക്ക് **900/-** രൂപ നിരക്കിൽ പ്രതിമാസ ധനസഹായം സമാശ്വാസം പദ്ധതിയിലൂടെ അനുവദിക്കുന്നു.<br>ധനസഹായത്തിന് അർഹതയുള്ള രോഗികൾ നിശ്ചിത മാതൃകയിലുള്ള അപേക്ഷാ ഫോറം പൂരിപ്പിച്ച് ചുവടെ പറ യുന്ന രേഖകൾ സഹിതം ബന്ധപ്പെട്ട ശിശു വികസന പദ്ധതി ആഫീസർക്ക് സമർപ്പിക്കേണ്ടതാണ്.<br><br>1. രോഗി പ്രതിമാസം ഡയാലിസിസിന് വിധേയമാകുന്നുവെന്നുള്ള സർക്കാർ/ സ്വകാര്യ ആശുപത്രിയിലെ വൃക്കരോഗ വിദഗ്ധർ നൽകുന്ന സർട്ടിഫിക്കറ്റ്, സർട്ടിഫി ക്കറ്റിൽ ഡോക്ടറുടെ സീൽ, രജിസ്ട്രേഷൻ നമ്പർ എന്നിവ നിർബ ന്ധമായും രേഖപ്പെടുത്തിയിരിക്കണം<br><br>2. രോഗി ബി.പി.എൽ. കുടുംബാംഗ മാണെന്ന് തെളിയിക്കുന്ന ബി.പി.എൽ. റേഷൻ കാർഡിന്റെ ഗസറ്റഡ് ആഫീസർ അറ്റസ്റ്റ് ചെയ്ത കോപ്പി / തദ്ദേശ സ്വയം ഭരണ സ്ഥാപന മേധാവി നൽകുന്ന ബി.പി.എൽ സർട്ടിഫിക്കറ്റ്. |

സെക്ഷൻ ഓഫീസർ